**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 968** **07-12-2022 - ൽ മറുപടിയ്ക്ക്**

**പെസാ ( പട്ടിക വർഗ്ഗ സ്വയം ഭരണ പ്രദേശം) നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 1996 ൽ പാർലമെൻറ് പാസാക്കിയ പെസാ ( പട്ടിക വർഗ്ഗ സ്വയം ഭരണ പ്രദേശം) നിയമം കേരളത്തിൽ നടപ്പാക്കാൻ തടസമുണ്ടായ സാഹചര്യം വിശദമാക്കാമോ; | (എ) | **പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഗ്രാമസഭകളിൽ കൂടുതൽ അധികാരം നൽകുന്നതിനായി കേന്ദ്രസർക്കാർ രൂപീകരിച്ച PESA Act, 1996 സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുകയും ആയത് സംബന്ധിച്ച കരട് വിജ്ഞാപനം തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ മേല്പറഞ്ഞ നിയമത്തിലെ മാനദണ്ഡങ്ങൾ പ്രകാരം 'പട്ടികവർഗ്ഗ പ്രദേശങ്ങൾ' (Scheduled Area) പ്രഖ്യാപിക്കുന്നതിന് സംസ്ഥാനത്തെ പട്ടികവർഗ്ഗ ഭൂരിപക്ഷപ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ വിതരണം പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമെന്നതിനാൽ സംസ്ഥാനത്ത് PESA നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 17.05.2017-ലെ സ.ഉ(എം.എസ്) 38/2017-പജപവവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസനം, വനം വന്യജീവി, റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പ് സെക്രട്ടറിമാരും പട്ടികവർഗ്ഗ വികസന വകുപ്പ്, കില, കിർത്താഡ്സ് എന്നീ വകുപ്പുകളിലെ ഡയറക്ടർമാരും അംഗങ്ങളായി ഒരു ഹൈ-ലെവൽ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ആയതിൻ പ്രകാരം ഹൈ-ലെവൽ കമ്മിറ്റി യോഗങ്ങൾ ചേരുകയും ഈ വിഷയത്തിൽ റവന്യൂ, തദ്ദേശ സ്വയംഭരണം, കില, കിർത്താഡ്സ് എന്നീ വകുപ്പുകളുടെ അഭിപ്രായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വനം-വന്യജീവി വകുപ്പ് അഭിപ്രായം ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.** |
| (ബി) | 2011-2016 സർക്കാരിന്റെ കാലത്ത് കേന്ദ്ര ട്രൈബൽ മന്ത്രാലയത്തിന് റിപ്പോർട്ട് നൽകിയതിനു ശേഷം കഴിഞ്ഞ സർക്കാരും ഈ | (ബി) | **പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഗ്രാമസഭകളിൽ കൂടുതൽ അധികാരം നൽകുന്നതിനായി കേന്ദ്രസർക്കാർ രൂപീകരിച്ച** |

| | | | |
|---|---|---|---|
| | സർക്കാരും പെസാ നിയമം നടപ്പാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ; | | **PESA Act, 1996 സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുകയും ആയത് സംബന്ധിച്ച കരട് വിജ്ഞാപനം തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ മേല്പറഞ്ഞ നിയമത്തിലെ മാനദണ്ഡങ്ങൾ പ്രകാരം 'പട്ടികവർഗ്ഗ പ്രദേശങ്ങൾ' (Scheduled Area) പ്രഖ്യാപിക്കുന്നതിന് സംസ്ഥാനത്തെ പട്ടികവർഗ്ഗ ഭൂരിപക്ഷപ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ വിതരണം പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമെന്നതിനാൽ സംസ്ഥാനത്ത് PESA നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 17.05.2017-ലെ സ.ഉ(എം.എസ്) 38/2017-പജപവവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസനം, വനം വന്യജീവി, റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പ് സെക്രട്ടറിമാരും പട്ടികവർഗ്ഗ വികസന വകുപ്പ്, കില, കിർത്താഡ്സ് എന്നീ വകുപ്പുകളിലെ ഡയറക്ടർമാരും അംഗങ്ങളായി ഒരു ഹൈ-ലെവൽ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ആയതിൻ പ്രകാരം ഹൈ-ലെവൽ കമ്മിറ്റി യോഗങ്ങൾ ചേരുകയും ഈ വിഷയത്തിൽ റവന്യൂ, തദ്ദേശ സ്വയംഭരണം, കില, കിർത്താഡ്സ് എന്നീ വകുപ്പുകളുടെ അഭിപ്രായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വനം-വന്യജീവി വകുപ്പ് അഭിപ്രായം ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.** |
| (സി) | ഇത് സംബന്ധിച്ച ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | **ഫയൽ 535 പേജുകളുള്ളതാണ്. ആയതിനാൽ ഇതിന്റെ ഡിജിറ്റൽ കോപ്പി ലഭ്യമാക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ